


സംഘാടകർ

പൊതുവിദ്യാഭ്യാസവകുപ്പ്, തിരുവനന്തപുരം ദൂരദർശൻ,
സ്കൂൾ ഓഫ് സോഷ്യൽ സയൻസ്, കെ.എസ്.എസ്.പി.
എന്നിവരുടെ സഹകരണത്തോടെ
കേരള ഗസററിയേഴ്സ് വകുപ്പ്.

Design: C.CELL, TVM. Tel: 316948

# ചരിത്രാന്വേഷണ യാത്രകൾ

## നാടിന്റെ ചരിത്രം ഓർമ്മകളിലൂടെ

### മാർഗ്ഗരേഖ

നാടിന്റെ ഇന്നലെകളിലേയ്ക്ക്
മുതിർന്നവരുടെ ഓർമ്മകളിലൂടെ
വിദ്യാർത്ഥികളുടെ ചരിത്രയാത്ര.
വഴി കാട്ടാൻ ഗുരുജനങ്ങൾ

യാത്രാ പഠനങ്ങൾക്ക് ജില്ലാടിസ്ഥാനത്തിൽ
ആകർഷകമായ സമ്മാനങ്ങൾ
സമ്മാനത്തുകയ്ക്കു പുറമെ
പുസ്തകപ്പൊതികളും സർട്ടിഫിക്കററുകളും.

സ്ക്കൂളുകൾക്കും സമ്മാനങ്ങൾ.

അന്വേഷണ പഠനങ്ങളുടെ ദൃശ്യാവിഷ്കാരം
ദൂരദർശനിൽ.

മികച്ചവ ഇന്റർനെററിലൂടെയും
പുസ്തകരൂപത്തിലും പ്രസിദ്ധീകരിയ്ക്കുന്നു.




**ടി.കെ.രാമകൃഷ്ണൻ**
സാംസ്കാരികവകുപ്പ് മന്ത്രി
തിരുവനന്തപുരം
ഫോൺ. ഓഫീസ് : 332868, 327574
വസതി : 434503, 437950




പ്രിയപ്പെട്ട കുട്ടികളെ,

നിറങ്ങളും ശലഭങ്ങളും നിറഞ്ഞ വേറിട്ടൊരു ലോകം കുട്ടികൾക്കുണ്ട്. അവിടെ നിങ്ങൾ സ്നേഹിക്കുന്നതും തൊടുന്നതും നിങ്ങൾക്ക് പ്രിയപ്പെട്ടതു മാത്രമായിരിക്കും. നിങ്ങളുടെ ഈ ലോകത്തേക്ക് ഇന്നലെകളിൽ ഇവിടെ ജീവിച്ചിരുന്ന മനുഷ്യരുടെ ഓർമ്മകളും കൂടി ചേർത്ത് വെച്ചാലോ? അതുവേണം. എന്തുകൊണ്ടെന്നാൽ ഇന്നലെകളുടെ തുടർച്ചയാണ് ഇന്ന്. അതിന്റെ തുടർച്ചയാണ് നാളെ. ഇതു മറക്കുവാൻ പാടില്ല. ചോദ്യങ്ങൾ ചോദിക്കുന്നത് നിങ്ങൾക്ക് ഇഷ്ടമുള്ള മറ്റൊരു കാര്യമാണെന്ന് എനിക്കറിയാം. അതിന്റെ മറ്റൊരു പേരാണ് അന്വേഷണം. കഴിഞ്ഞകാലത്തെപ്പററി ധാരാളം ചോദ്യങ്ങൾ ചോദിക്കുവാൻ വേണ്ടിയാണ് കേരള സർക്കാർ ചരിത്രാന്വേഷണ യാത്രകൾ ഏർപ്പാടുചെയ്തിരിക്കുന്നത്. ഈ യാത്രകളിൽ നിറങ്ങളും ശലഭങ്ങളും നന്മനിറഞ്ഞ മനുഷ്യരും നിങ്ങൾക്ക് ഒപ്പമുണ്ടായിരിക്കും. ഇതിൽ പങ്കെടുക്കുവാൻ എല്ലാ കുഞ്ഞുങ്ങളേയും കേരളത്തിന്റെ സാംസ്കാരിക വകുപ്പ് മന്ത്രി എന്ന നിലയിൽ ഞാൻ ക്ഷണിക്കുന്നു.

കുട്ടികൾക്ക് വഴി കാട്ടുവാൻ അദ്ധ്യാപകരോടും; കല, സാഹിത്യം, ശാസ്ത്രം തുടങ്ങി വിവിധ തുറകളിൽ പ്രവർത്തിക്കുന്ന എല്ലാവരോടും ഞാൻ അഭ്യർത്ഥിക്കുന്നു.

സ്നേഹാശംസകളോടെ,

ടി.കെ.രാമകൃഷ്ണൻ

തിരുവനന്തപുരം,
1.12.2000.

# ചരിത്രാന്വേഷണയാത്രകൾ

## നാടിന്റെ ചരിത്രം ഓർമ്മകളിലൂടെ

പ്രിയപ്പെട്ട കൊച്ചുകൂട്ടുകാരോട്,

നമ്മുടെ പല ചരിത്ര പാഠപുസ്തകങ്ങളിലും ഇല്ലാത്തത് യഥാർത്ഥ ജീവിതാനുഭവങ്ങളാണ്. ചരിത്രമെന്നാൽ മിക്ക കുട്ടികൾക്കും യുദ്ധങ്ങളുടേയും രാജവംശങ്ങളുടേയും തീയതികളും പേരുകളും അവയുടെ മന:പാഠമാക്കലുമാണ്. നമ്മെപ്പോലെ ഇവിടെ വർഷങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന മനുഷ്യരുടെ നിത്യജീവിത വിശേഷങ്ങളും, അനുഭവങ്ങളും ചേർന്ന ജീവിത കഥകൾ കൂടിയാണ് ചരിത്രം. മുത്തശ്ശിയോടോ, മുത്തച്ഛനോടോ സംസാരിച്ചാൽ അങ്ങനെയുള്ള കാര്യങ്ങൾ അവർ പറഞ്ഞുതരും. അവ നമുക്ക് ശേഖരിക്കാനാവും. അവരുടെ ജീവിതാനുഭവങ്ങൾ ശ്രദ്ധയോടെ ചോദിച്ചറിഞ്ഞ് ചിട്ടപ്പെടുത്തിയെഴുതി, ഒരു പഠനമായി തയ്യാറാക്കുന്ന പരിപാടിയാണ് 'ചരിത്രാന്വേഷണ യാത്രകൾ'.

വളരെക്കാലം ബ്രിട്ടീഷുകാർ നമ്മെ അടക്കി ഭരിച്ചിരുന്നു എന്ന കാര്യം നിങ്ങൾക്ക് അറിയാമല്ലോ. കച്ചവടക്കാരായി നമ്മുടെ നാട്ടിൽ വന്ന വിദേശികൾ എത്ര എളുപ്പത്തിലാണ് നമ്മെ കീഴ്പ്പെടുത്തിയതെന്നോ? ആ കീഴ്പ്പെടുത്തലും, അതിന്റെ തിന്മകളും ഒക്കെ വളരെ സാവധാനത്തിലേ നാം മനസ്സിലാക്കിയുള്ളൂ. ഏതായാലും അവർക്ക് നമ്മുടെ നാടുവിട്ടു പോകേണ്ടി വന്നു. ഇപ്പോൾ ഇത് ഇവിടെ പറയുന്നത് എന്തിനാണെന്നല്ലേ? നാം വീണ്ടുമൊരു അടിമത്തത്തിലേക്ക് വഴുതി വീഴുകയാണോ എന്നു ഭയപ്പെടേണ്ട കാലമാണിത്. ആഗോളവൽക്കരണം എന്ന വാക്ക് നിങ്ങൾ കേട്ടിട്ടുണ്ടാകും. ധനിക രാജ്യങ്ങൾ അവരുടെ താൽപര്യങ്ങൾക്കനുസരിച്ച് രൂപം കൊടുത്ത സാമ്പത്തിക നയങ്ങളിലൂടെ ലോകസമ്പത്തും, വിഭവങ്ങളും വീണ്ടും അവരുടെ നിയന്ത്രണത്തിലേയ്ക്ക് കൊണ്ടുവരുവാനുള്ള ശ്രമമാണത്. പഴയ അടിമത്ത തന്ത്രങ്ങളേക്കാൾ മൂർച്ചയുള്ള ആയുധങ്ങളാണ് അതിലുള്ളത്. നമ്മുടെ മനസ്സും ബുദ്ധിയും കീഴടക്കുന്ന തന്ത്രങ്ങളാണവയിൽ പ്രധാനം. നമ്മുടെ നാടുമാത്രമല്ല വീടുപോലും, പതിയെ പതിയെ നമുക്ക് അപരിചിതമാകും. അച്ഛനമ്മമാർക്കു പോലും നമ്മെ മനസ്സിലാകാത്ത അവസ്ഥയുണ്ടാകും. അങ്ങനെ സംഭവിച്ചുകൂടാ. അതിന് നമുക്ക് നമ്മുടെ ചരിത്രം അറിഞ്ഞേതീരൂ.



ആ ചരിത്രം അന്വേഷിച്ചുള്ള ഒരു യാത്രയ്ക്കാണ് നിങ്ങൾ പുറപ്പെടുന്നത്. അറിയപ്പെടുന്ന വ്യക്തികളും, വലിയ സംഭവങ്ങളും, സ്മാരകങ്ങളും സംബന്ധി ച്ചുള്ള അന്വേഷണമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. ആദ്യം സൂചിപ്പിച്ചതുപോലെ നിങ്ങളുടെ വീടിന്റെയും, സ്കൂളി ന്റെയും സമീപത്ത് സാധാരണക്കാരായി ജീവിച്ച മനു ഷ്യരുടെ നിത്യജീവിത വിശേഷങ്ങളാണ് അന്വേഷിക്കേ ണ്ടത്. അല്ലെങ്കിൽ ഏതെങ്കിലും സ്ഥാപനം തിരഞ്ഞെ ടുത്ത് അതുമായി ബന്ധപ്പെട്ടവരുടെ ഓർമ്മകളിലൂടെ യുള്ള അന്വേഷണവുമാകാം. മുതിർന്ന ചരിത്രകാര ന്മാർ ചെയ്യുന്നതുപോലെ രേഖകളും, പ്രമാണങ്ങളും, പുരാവസ്തുക്കളുമൊക്കെ തലനാരിഴ കീറി പഠിക്കേ ണ്ടതില്ല. അതൊക്കെ താൽപ്പര്യം തോന്നിയാൽ പിന്നീട് ചെയ്യാം.

ഇപ്പോൾ വേണ്ടത് - പ്രധാനമായും - നിങ്ങളുടെ പ്രദേ ശത്തുള്ള മുതിർന്നവരിൽ നിന്നും ഓർമ്മകൾ ശേഖരി ക്കുകയാണ്.

## ഓർമ്മകൾ ശേഖരിക്കുകയോ? എങ്ങനെ?

ചരിത്രമെന്നാൽ സാധാരണ മനുഷ്യരുടെ ജീവിതാനുഭവ ങ്ങൾ കൂടിയാണെന്നു പറഞ്ഞല്ലോ. ഈ ജീവിതാനുഭ വങ്ങൾ സൂക്ഷിച്ചിരിക്കുന്നത് ഓർമ്മകളിലാണ് - മുതിർന്ന വരുടെ ഓർമ്മകളിൽ. ആ ഓർമ്മകളിലേക്ക് അല്ലെങ്കിൽ അനുഭവ പ്രപഞ്ചത്തിലേക്ക് നിങ്ങളുടെ അന്വേ ഷണബുദ്ധിയും സാമർത്ഥ്യവുമൊക്കെ ആവശ്യമായി വരുന്ന ഒരു യാത്രയ്ക്കാണ് നിങ്ങൾ പുറപ്പെടുന്നത്.

നിങ്ങളുടെ കൈവശം 'ചരിത്രാന്വേഷണയാത്ര കൾ'എന്ന് പേരുകൊടുത്ത ഒരു നോട്ട് ബുക്കും പേന യുമാണ് വേണ്ടത്. മനസ്സു നിറയെ 'സ്വന്തം നാടിനെ' മനസ്സിലാക്കാനുള്ള ചോദ്യങ്ങൾ, ആലോചനകൾ, സംശയങ്ങൾ അങ്ങനെ വേറെ ചിലതും.

മുതിർന്നവരുമായുള്ള സംഭാഷണം നിങ്ങൾ കഴിവതും എഴുതിയെടുക്കണം. ശബ്ദ ലേഖനം (Record) ചെയ്ത് പിന്നീട് കേട്ടെഴുതി രേഖയാക്കുന്ന രീതിയും നോക്കാം. സാവധാനം കാര്യങ്ങൾ ചോദിച്ചറിയണം. ധൃതിയിൽ പറഞ്ഞാൽ പതിയെ വേണമെന്ന് വിനയ ത്തോടെ ആവശ്യപ്പെടാം. കുട്ടികളുടെ ആവശ്യമല്ലേ അവർ കേൾക്കും, തീർച്ച. ഇനി, ചോദ്യോത്തരമെല്ലാം കഴിഞ്ഞാൽ അവരെ കണ്ട സമയം, തീയതി, വിലാസം എന്നിവ രേഖപ്പെടു ത്തണം. അവരുടെ വിരലടയാളമോ, കൈയ്യൊപ്പോ - കൂടി ചേർക്കുന്നത് നല്ലതാണ്. ഇതൊരു വിലപ്പെട്ട ചരിത്ര രേഖയാണ്. ഈ നോട്ടുബുക്ക് സൂക്ഷിച്ചുവയ്ക്കുവാൻ മറക്കരുത്.

## എന്തൊക്കെ വിഷയങ്ങൾ, കാര്യങ്ങൾ അന്വേഷിക്കാം.

നിങ്ങൾക്കിഷ്ടമുള്ള ഏതു വിഷയവുമാകാം. അതേ, ധൈര്യപുര സ്സരം എന്തു വിഷയവും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ട്. ഏതായാലും നിങ്ങളുടെ പരിഗണനയ്ക്കുവേണ്ടി രണ്ടു വിഷയങ്ങൾ ഞങ്ങൾ ആദ്യം നിർദ്ദേശിക്കാം. പിന്നാലെ മററു ചില വിഷയങ്ങളും. നോക്കൂ ഇതു നിങ്ങൾക്ക് താൽപ്പര്യം തോന്നുന്നു എങ്കിൽ മാത്രം സ്വീകരിച്ചാൽ മതി. ആദ്യത്തെ രണ്ടു വിഷയങ്ങൾ - സ്ത്രീകളുടെ ലോകവും ഉപജാതി വിഭാഗങ്ങളുടെ ലോകവുമാണ് -എന്താണീ വിഷയങ്ങൾ പ്രത്യേകമായി പറഞ്ഞ തെന്നല്ലേ? കാരണമുണ്ട്. ചരിത്ര രചനകളിൽ മാത്രമല്ല ജീവിത ത്തിൽ തന്നെ പലപ്പോഴും ഇവർ അവഗണിക്കപ്പെട്ടവരായിരുന്നു. ഇത്തരം വിഭാഗങ്ങളെപ്പററി അറിയുക കൂടുതൽ പ്രാധാന്യമുള്ള കാര്യമാണ്. ഇങ്ങനെ പറഞ്ഞതുകൊണ്ട് അവഗണിക്കപ്പെട്ടവർ അവർ മാത്രമായിരുന്നു എന്നു കരുതരുത്. വേറെയും ഉണ്ടാകും. അതുപോലെ, അവഗണനയുടെ കാര്യം മാത്രമല്ല, പോരാട്ടങ്ങളുടെ, സഹനത്തിന്റെ, കാരുണ്യത്തിന്റെ, ത്യാഗത്തിന്റെ, കരുതലിന്റെ എത്രയെത്ര അനുഭവങ്ങൾ നിങ്ങൾക്കു കേൾക്കാനാവുമെന്നോ? ഒരു ശാസ്ത്രജ്ഞന്റെ ബുദ്ധികൂർമ്മതയോടും, ക്ഷമയോടും നിങ്ങൾ ഓർമ്മകളെ തൊട്ടുണർത്തണം എന്നുമാത്രം. ഇനി വിഷ യങ്ങളുടെ ഒരു പട്ടിക കൂടി.

### കാർഷിക ജീവിതം

കൃഷിയിടങ്ങൾ, വിളകൾ, കൃഷിരീതികൾ, പണിയാളുകൾ, കാർഷിക ഉപകരണങ്ങൾ.....

### സസ്യജീവലോകം

പ്രകൃതിയിലും കാലാവസ്ഥയിലുമുണ്ടായ മാററങ്ങൾ, വീട്ടുവള പ്പിലെ സസ്യങ്ങൾ, പച്ചക്കറികൾ, മൃഗസമ്പത്ത്, വളർത്തുമൃഗ ങ്ങൾ, അവയുടെ പരിപാലനം.....

### ദൈനംദിനജീവിതം

ഭക്ഷണരീതികൾ, പാചകരീതികൾ, അടുക്കള, ഗൃഹോപകരണ ങ്ങൾ, വസ്ത്രധാരണരീതികൾ, ആതിഥ്യമര്യാദ, വിശ്വാസങ്ങൾ, പ്രാർത്ഥനകൾ, പൂജകൾ, ശുചിത്വബോധം, ശീലങ്ങൾ.....



### ഗാർഹികജീവിതം

കൂട്ടുകുടുംബം, മക്കത്തായം, മരുമക്കത്തായം, വിവാഹരീതികൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ജാതകം, ചോറൂണ്, ജനനം, മരണം ഇവയുടെ അനന്തരചടങ്ങുകൾ, സദ്യകൾ, മദ്യപാനം, അന്നത്തെ മുത്തച്ഛന്മാരുടെയും മുത്തശ്ശിമാരുടെയും ലോകം, പേരക്കുട്ടികളുമായുള്ള അവരുടെ ബന്ധം, അന്നത്തെ കുട്ടികളുടെ ഭക്ഷണം, കളിപ്പാട്ടങ്ങൾ, വളർത്തുന്ന രീതികൾ.....

### പൊതുജീവിതം

പ്രധാനപ്പെട്ട സംഭവങ്ങൾ, യാത്രകൾ, പ്രാദേശിക ദൈവങ്ങൾ, ആരാധനാസ്ഥലങ്ങൾ, വിദ്യാഭ്യാസം, അദ്ധ്യാപനം, ഗുരുശിഷ്യബന്ധം, നാട്ടറിവുകൾ, പഴഞ്ചൊല്ലുകൾ, ചികിത്സാരീതികൾ, മന്ത്രവാദം, വൈദ്യന്മാർ, മരുന്നുകൾ, ആധുനികവൈദ്യം, ഗൃഹവൈദ്യം, വൈദ്യനും രോഗിയും തമ്മിലുള്ള ബന്ധം, അങ്ങാടികൾ, കച്ചവടക്കാർ.....

### ജീവിതസൗകര്യങ്ങൾ

പാർപ്പിടം, വാർത്തകളുടെ പ്രചരണം, കുളിക്കടവ്. ഗതാഗതം, റോഡുകളുടെ ആവിർഭാവം.....

### വിനോദ ഉപാധികൾ

ഉത്സവം, വേല, നാടകം, വായനശാല, പടപ്പയററ്, സാംസ്കാരികരൂപങ്ങൾ........(ജാതിമത വ്യത്യസ്തതകൾക്കൊപ്പം നിരവധി പ്രാദേശികരൂപങ്ങൾ നമുക്കുണ്ടായിരുന്നു.)

### ജാതികൾ

ജാതിബന്ധങ്ങൾ, കൈത്തൊഴിലുകൾ, ഭൂവുടമാവകാശം, വിലക്കുകൾ, ജാതിദുഷ്ടതകൾ, ഊരുവിലക്ക്, ജാതിയിൽനിന്നും പുറത്താക്കൽ, പടിയടച്ചു പിണ്ഡംവെക്കൽ.....

### സ്ഥാപനങ്ങൾ

സ്കൂളുകൾ, ക്ഷേത്രങ്ങൾ, പള്ളികൾ, പോലീസ് സ്റേറഷൻ, അഞ്ചലാഫീസ്, ആശുപത്രി, കളരി, സർപ്പക്കാവ്.....

വിഷയം ഇവയിലേതുമാകാം, ഇതിലില്ലാത്തതുമാകാം. ഓർമ്മകളിലും, ജീവിതാനുഭവങ്ങളിലും നിന്നുമാണ് നിങ്ങൾ അതിനെപ്പററി അറിയേണ്ടതെന്നുമാത്രം. മററു രീതിയിൽ കിട്ടുന്ന വിവരങ്ങൾ ഉപയോഗിക്കാൻ പാടില്ല എന്നു നിബന്ധനയൊന്നുമില്ല. എന്തായാലും മുതിർന്നവരുമായി അഭിമുഖങ്ങൾ നടത്തി വിവരങ്ങൾ ശേഖരിച്ചിരിക്കണം.

## എങ്ങനെ തുടങ്ങണം? എങ്ങനെ എഴുതണം?

ടീം രൂപീകരണമാണ് ആദ്യം നടത്തേണ്ടത്. തുടർന്ന് വഴികാട്ടിയെ കണ്ടെത്തുക. ഇത്രയും ചെയ്താൽ ഈ മാർഗ്ഗരേഖ വിശദമായി വായിച്ചു മനസ്സിലാക്കാനായി ഒരു കൂടിയിരിപ്പ് നടത്തണം. സംശയങ്ങളൊക്കെ ഏറെക്കുറെ തീർന്നാൽ സൗകര്യപ്രദമായ ഒരു പ്രദേശം കണ്ടെത്തി അന്വേഷണ വിഷയങ്ങൾ താൽപ്പര്യാനുസരണം തീരുമാനിക്കുക. (വിഷയങ്ങൾ പലതാകാം; പക്ഷേ ഒരു ടീം ഒരു പ്രദേശത്ത് അന്വേഷണം നടത്തുകയാവും നല്ലത്.)

മാർഗരേഖയുടെ ഒരു കോപ്പി എല്ലാവരും കരുതുന്നത് നന്ന്. ആവശ്യാനുസരണം ഫോട്ടോകോപ്പി എടുക്കുക. ചരിത്രാന്വേഷണ യാത്രകൾ എന്ന് പേരു കൊടുത്ത നോട്ടുബുക്ക് എല്ലാവർക്കും വേണം. അഭിമുഖങ്ങൾ രേഖപ്പെടുത്തുന്നതിനു പുറമേ കൂടിയിരിപ്പിന്റെയും ചർച്ചയുടേയും മററും കാര്യങ്ങളും ഇതിൽ രേഖപ്പെടുത്താവുന്നതാണ്.

ഇത്രയും ആയല്ലോ. ഇനി ഒററയ്ക്കോ ടീമിലെ മററു കൂട്ടുകാരോടൊപ്പമോ യാത്ര പുറപ്പെടാം. കഴിയുമെങ്കിൽ വഴികാട്ടിയോടൊത്ത്. ഓരോരുത്തരും പത്തു പേരെയെങ്കിലും നേരിൽ കണ്ട് സംസാരിക്കുവാൻ ശ്രമിക്കണം.

ഓരോ ദിവസവും കണ്ടതും, കേട്ടതും, ശേഖരിച്ചതുമായ കാര്യങ്ങൾ ചിട്ടയായി നോട്ടുബുക്കിൽ എഴുതണം. ഇത് എല്ലാവരും ചേർന്ന് വായിച്ച്, കൂടിആലോചിച്ച് വേണം പഠനം തയ്യാറാക്കുവാൻ. പഠനങ്ങളുടെ ഭാഷയും വലിപ്പവും നിങ്ങൾ തന്നെ നിശ്ചയിച്ചാൽ മതി. പത്ത്-പതിനഞ്ച് പേജുകളിൽ കവിയാതെ തയ്യാറാക്കിയാൽ നന്ന്. ആരുടെയെല്ലാം ഓർമ്മകൾ ഉൾപ്പെടുത്തിയിരിക്കുന്നുവോ അവരുടെയെല്ലാം പേരുവിവരങ്ങൾ പഠനത്തിന്റെ അവസാനം ചേർത്തിരിക്കണം.

## ചരിത്രാന്വേഷണ യാത്രകളുടെ പ്രാധാന്യം

മത്സരവിജയം മാത്രം ലക്ഷ്യമാക്കരുത്. ടി.വിയിലും സിനിമയിലും മററും നിങ്ങൾ കണ്ടുവരുന്നതല്ല ജീവിതം പലപ്പോഴുമെന്ന് ബോധ്യപ്പെടാനുള്ള ഒരവസരമാണിത്. കൂടുതൽ നല്ല കുട്ടികളും, നല്ലവരായ മുതിർന്നവരും ആകാൻ ഈ അനുഭവം നിങ്ങളെ സഹായിക്കും. മറെറാരാളെ മറികടക്കുന്നതുമാത്രമല്ല ജീവിതവിജയവും ലക്ഷ്യവും എന്ന് സ്വജീവിതം കൊണ്ട് തെളിയിച്ച എത്രയോ പേരെ നിങ്ങൾ കണ്ടുമുട്ടും. അത് നിങ്ങളുടെ ജീവിതദർശനം തന്നെ മാററിയേക്കാം. ഡോക്ടറോ എഞ്ചിനീയറോ ആകുന്നതാണ് പരമമായ ഉന്നതി എന്ന തെററിദ്ധാരണയും, അതിന്റെ അനുബന്ധപ്രശ്നങ്ങളും തിരിച്ചറിഞ്ഞേക്കാം. നമ്മുടെ ജീവിതം അനാദിയായ കാലത്തിൽ ഒരു ചെറു നിമിഷം മാത്രമാണെന്ന് പലരും പറഞ്ഞു കേട്ടിട്ടില്ലേ. അതു നേരിൽ അനുഭവിക്കാനാകും.





## ഗുരുജനങ്ങളോട്


പ്രാദേശിക തലത്തിൽ കേരളത്തിന്റെ മനുഷ്യ - പ്രകൃതി വിഭവങ്ങളുടെ സാമൂഹ്യ രജിസ്ററർ തയ്യാറാക്കുന്ന 'പഞ്ചായത്ത് വിജ്ഞാനീയം' എന്ന ഒരു പദ്ധതിക്ക് കേരള ഗസററിയേഴ്സ് വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. പ്രാദേശിക ചരിത്രത്തിന് ഊന്നൽ നൽകി, ജനകീയ പങ്കാളിത്തത്തോടെയാകും ഈ വിജ്ഞാന സഞ്ചിക തയ്യാറാക്കുക. ഇതിനായി നടത്തുന്ന പ്രവർത്തനങ്ങൾ ഒരു സാംസ്കാരിക അനുഭവം കൂടിയായി മാറണം എന്നാണ് ഞങ്ങളുടെ ആഗ്രഹം. ഈ പരിപാടിക്ക് കൂടുതൽ ആശയ വ്യക്തതയും സമ്പുഷ്ടിയും നൽകുവാൻ വേണ്ടി നടത്തിയ ശില്പശാലകളുടെ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രഗൽഭമതികളായ സാമൂഹ്യ ശാസ്ത്ര പഠിതാക്കളുടെ നേതൃത്വത്തിൽ പലയിടത്തും മാതൃകാ പഞ്ചായത്ത് വിജ്ഞാനീയം തയ്യാറായി വരുന്നു.

ഇതിനോടനുബന്ധിച്ചാണ് കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ 'ചരിത്രാന്വേഷണ യാത്രകൾ' എന്ന ഈ പരിപാടി ആവിഷ്ക്കരിച്ചിരിക്കുന്നത്. ഇതോടൊപ്പം പ്രാദേശിക ചരിത്രത്തിൽ തൽപ്പരരായ അദ്ധ്യാപകർക്കു വേണ്ടി ശിൽപ്പശാലകളും സംഘടിപ്പിക്കുന്നുണ്ട്.

ലോകമെമ്പാടും പ്രാദേശിക ചരിത്രപഠനങ്ങളുടെ പ്രാധാന്യം ഇന്ന് തിരിച്ചറിയപ്പെട്ടിട്ടുണ്ട്. അർത്ഥവത്തായ ചരിത്രാവബോധനിർമ്മിതിയിൽ ഇതിന്റെ പ്രാധാന്യം മനസ്സിലാക്കിയതിനാൽ, അത് ചരിത്രരചനാരീതികളെ തന്നെ സ്വാധീനിക്കുന്ന അവസ്ഥയിലേക്കും എത്തിയിട്ടുണ്ട്. ബൃഹത്ചരിത്രരചനാ കാഴ്ചപ്പാടുകളിൽനിന്ന് യഥാർത്ഥ ജീവിത സാഹചര്യങ്ങളിലൂന്നിയ സൂക്ഷ്മതല ചരിത്ര വീക്ഷണങ്ങളിലേക്കുളള വ്യതിയാനം കൂടുതൽ അടുത്തു മനസ്സിലാക്കുവാൻ സഹായിക്കുന്നതാകും അദ്ധ്യാപകർക്കുളള ശില്പശാലകൾ. ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾ പിന്നാലെ അറിയിക്കും.

## ചരിത്രാന്വേഷണ യാത്രകളുടെ ലക്ഷ്യങ്ങൾ

1. അറിവിന്റെ അടിസ്ഥാന പ്രേരണയായ അന്വേഷണ കൗതുകത്തെ വിദ്യാർത്ഥികളിൽ പ്രോത്സാഹിപ്പിക്കുക.
2. ശ്രദ്ധാപൂർവ്വം കാര്യങ്ങൾ ശ്രവിക്കുന്നതിനും, ചോദ്യങ്ങൾ ചോദിക്കുന്നതിനും, സംസാരിക്കുന്നതിനും, വാദമുഖങ്ങൾ ഉന്നയിച്ച് ചർച്ചചെയ്യുന്നതിനും അവ സംഗ്രഹിക്കുന്നതിനുമുളള കുട്ടികളുടെ തനതു കഴിവുകളെ പ്രോത്സാഹിപ്പിക്കുക.
3. സാമൂഹ്യ മികവിനാവശ്യമായ പരസ്പര സഹകരണം, സംവാദത്തിൽ ഏർപ്പെടാനുളള കഴിവ്, സാമൂഹ്യ ബന്ധങ്ങളുടെ തിരിച്ചറിവ് എന്നിവ നേടാൻ കുട്ടികൾക്ക് അവസരമുണ്ടാക്കുക.
4. തുടർച്ചയുടേയും മാററത്തിന്റേയും ചരിത്രപ്രക്രിയയിൽ തങ്ങളുടെ പങ്കാളിത്തം മനസ്സിലാക്കുവാൻ അവസരം ഉണ്ടാക്കുക.
5. മുതിർന്ന തലമുറയുമായി സംവദിക്കുന്നതിനുളള അവസരം സൃഷ്ടിക്കുക.
6. നാട്ടാരുടെ ഓർമ്മകളിലെ ചരിത്രം ശേഖരിക്കുന്ന പ്രക്രിയക്ക് കേരളത്തിൽ തുടക്കം കുറിക്കുക.
7. തെളിവുകൾ ശേഖരിക്കുന്നതിൽ വൈദഗ്ദ്ധ്യം നേടുക. അവ അരിച്ചുപെറുക്കുന്നതിലും, അവതരിപ്പിക്കുന്നതിലും



അവരുടെ വിവേചനബുദ്ധിയും, സ്വാതന്ത്ര്യവും ഉപയോഗിക്കുവാൻ അവസരം ഉണ്ടാക്കുക.

8 പൂർവ്വികരുടെ ജീവിതാനുഭവസമ്പത്തും, സംസ്കാരവും, കുട്ടികളുടെ അഭിലഷണീയമായ വളർച്ചയ്ക്ക് തുണയാകുക.

9 ചരിത്രാവബോധത്തിന്റെ നിർണ്ണായകത കുട്ടികളെ ബോദ്ധ്യപ്പെടുത്തുക.

## നിബന്ധനകളും മററും

"ചരിത്രാന്വേഷണ യാത്രകൾ - നാടിന്റ ചരിത്രം ഓർമ്മകളിലൂടെ" എന്ന പരിപാടിയിൽ കേരളത്തിലെ എല്ലാ യു.പി., ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും പങ്കെടുക്കാം

1 യു.പി., ഹൈസ്കൂൾ എന്നീ രണ്ടു വിഭാഗങ്ങളിൽ അഞ്ചു പേരടങ്ങുന്ന ടീമുകളായിട്ടാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.

2 ഓരോ ടീമിനും പ്രധാനാദ്ധ്യാപകന്റെ അംഗീകാരമുള്ള ഒരദ്ധ്യാപകനോ, രക്ഷകർത്താവോ, പൂർവ്വാദ്ധ്യാപകനോ അല്ലെങ്കിൽ മററാരെങ്കിലുമോ വഴികാട്ടിയായി ഉണ്ടാകണം. ഇവർ കുട്ടികളുടെ സ്വതന്ത്രവും ഭാവനാപൂർണവുമായ അന്വേഷണങ്ങൾക്ക് സാഹചര്യം ഒരുക്കുക മാത്രമേ പാടുള്ളൂ. (ടീമിന്റേയും വഴികാട്ടിയുടേയും തെരഞ്ഞെടുപ്പിലും, പഠനപരിപാടിയിലും കുട്ടികളുടെ താൽപ്പര്യങ്ങൾക്ക് കൂടുതൽ പരിഗണന കൊടുക്കുവാൻ ഗുരുജനങ്ങളോട് അപേക്ഷിക്കുന്നു.)

3 പഠനങ്ങളുടെ ഭാഷയും, വലിപ്പവും (പേജുകൾ) നിശ്ചയിക്കുവാൻ ടീമുകൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കും.

4 റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങളിലേക്ക് വിജയികളെ തെരഞ്ഞെടുക്കും.

5 സമ്മാനത്തുകയ്ക്കു പുറമെ സർട്ടിഫിക്കററുകളും പുസ്തകപ്പൊതികളും വിജയികൾക്ക് നൽകും.

6 ജില്ലയിൽ ഒന്നാം സമ്മാനാർഹമാകുന്ന സ്കൂളിനും സമ്മാനം ലഭിക്കും.

7 പ്രസിദ്ധീകരണയോഗ്യമായ പഠനങ്ങൾ തയ്യാറാക്കിയ ടീമുകൾക്ക് പങ്കാളിത്ത - അനുമോദന സർട്ടിഫിക്കററുകൾ നൽകും.

8 ജില്ലാതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന പഠനങ്ങളെ അടിസ്ഥാനമാക്കി ചരിത്രാന്വേഷണ യാത്രകളുടെ ദൃശ്യാവിഷ്കാരം തയ്യാറാക്കും. ഇതിൽ കുട്ടികൾക്ക് തങ്ങളുടേതായ രീതികളിൽ പഠനയാത്ര അവതരിപ്പിക്കാം.അതിനു പുറമേ തങ്ങളുടെ അന്വേഷണ രീതികളും നിഗമനങ്ങളും സാമൂഹ്യശാസ്ത്ര - സാംസ്കാരിക രംഗങ്ങളിലെ ഗുരുസ്ഥാനീയരുമായി ചർച്ച ചെയ്യുന്നതിനും അവസരമുണ്ടാകും. 14 ജില്ലകളെ അടിസ്ഥാനമാക്കി 14 എപ്പിസോഡുകൾ ദൂരദർശന്റെ നേതൃത്വത്തിൽ തയ്യാറാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

9 വിജയികളേയും അവരുടെ പഠനങ്ങളേയും ഗസററിയേഴ്സ് വകുപ്പിന്റെ **www.keralahistory.org** എന്ന വെബ്സൈററിലൂടെ പരിചയപ്പെടുത്തും.

10 ക്രിസ്തുമസ്സ് അവധിക്കാലത്ത് അന്വേഷണ യാത്രകൾ നടത്താവുന്നതാണ്.

11 താഴെ ബ്രായ്ക്കററിൽ കൊടുത്തിരിക്കുന്ന വിവരങ്ങളടങ്ങിയ എൻട്രി ഫോം വെള്ളക്കടലാസിൽ തയ്യാറാക്കി പ്രധാനാദ്ധ്യാപകന്റെ കൈയ്യൊപ്പോടെ ഓരോ പഠനത്തോടും ഒപ്പം അയക്കുക.
(സ്കൂളിന്റെ പേരും, വിലാസവും, ഫോൺ നമ്പരുകളും, റവന്യൂ ജില്ല, മത്സരവിഭാഗം, ടീമംഗങ്ങളുടെ പേരുകൾ, ക്ളാസ്സുകൾ, വഴികാട്ടിയുടെ പേരും വിലാസവും, പഠനം എത്ര പേജുകൾ, പ്രധാന അദ്ധ്യാപകന്റെ പേരും കൈയ്യൊപ്പും, സ്കൂളിന്റെ സീലും).

12 പഠനങ്ങൾ എൻട്രി ഫോമിനൊപ്പം ജനുവരി 20-നകം താഴെ കാണുന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. കവറിന്റെ പുറത്ത് "ചരിത്രാന്വേഷണ യാത്രകൾ", യു.പി./ഹൈസ്കൂൾ വിഭാഗം, റവന്യൂജില്ല എന്നിവ എഴുതിയിരിക്കണം

വിലാസം : സ്റ്റേററ് എഡിററർ, കേരള ഗസററിയേഴ്സ്,
വെള്ളയമ്പലം, തിരുവനന്തപുരം - 695 010.

സ്നേഹാശംസകളോടെ,

പി.ജെ.ചെറിയാൻ,
സ്റ്റേററ് എഡിററർ,
കേരള ഗസററിയേഴ്സ്.

തിരുവനന്തപുരം,
2.12.2000

Published by State Editor, Kerala Gazetteers Department, Thiruvananthapuram - 695 010
Phone/Fax: 0471-322618 E-mail: gazeteer@md4.vsnl.net.in
Website: www.keralahistory.org